# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട | 30-11-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 23

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. എ.കെ.ശശീന്ദ്രൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടത്ത് മദർഷിപ്പുകൾ വരാതിരിക്കാനുള്ള നടപടികൾ ദുബായ് പോർട്ട് പ്രയോഗിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും വല്ലാർപാടത്ത് വലിയ കണ്ടെയ്നർ കപ്പലുകൾ കൊണ്ടുവരാനുള്ള ശ്രമമാണ് ദുബായ് പോർട്ട് വേൾഡ് ചെയ്യുന്നത്. 2015 ജൂലൈ മുതൽ 'ഗാലക്സ്' എന്ന പേരിലുള്ള ഒരു പുതിയ മെയിൻലൈൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൊറിയ മുതൽ ഗൾഫ് വരെയാണ് ഇതിന്റെ റൂട്ട്. കൂടാതെ കൂടുതൽ മെയിൻലൈൻ (ദീർഘദൂര) സർവ്വീസുകൾ ആരംഭിപ്പിക്കുവാൻ ദുബായ് പോർട്ട് വേൾഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ട്രാൻസ്ഷിപ്പ്മെന്റ് രംഗത്തെ പരിചയമോ സ്വാധീനമോ വല്ലാർ പാടത്തിന്റെ വളർച്ചയ്ക്ക് ദുബായ് പോർട്ട് പ്രയോജനപ്പെടുത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ; | (സി) ദുബായ് പോർട്ട് വേൾഡ് അവരുടെ ഷിപ്പിംഗ് / തുറമുഖ മേഖലകളിലെ പരിചയവും സ്വാധീനവും പ്രയോജനപ്പെടുത്തുന്നതായിട്ടാണ് കാണുന്നത്. |
| (ഡി) കൊളംബോ തുറമുഖത്തോട് മത്സരിക്കാൻ കഴിയും വിധം ദുബായ് പോർട്ട് നിരക്കുകൾ ക്രമീകരിക്കുന്നില്ലെന്നത് കണക്കിലെടുത്ത് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള നിരക്കുകൾ കുറയ്ക്കണമെന്ന് ദുബായ് പോർട്ടിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ? | (ഡി) ദുബായ് പോർട്ട് വേൾഡ് ട്രാൻസ്ഷിപ്പ്മെന്റ് സേവനത്തിന് കൊളംബോ തുറമുഖത്തിന്റെ നിരക്കുകൾ തന്നെയാണ് ചുമത്തുന്നത്. മറ്റ് കണ്ടെയ്നറുകൾക്ക് നിരക്കുകൾ കുറയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ